**പാഠം 5                ഒക്ടോബർ 28–നവംബർ 3**

# അബ്രഹാമിന്റെ വിശ്വാസം

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: ഉല്പ.15:6; 2 ശമു. 11:12; റോമ. 3:20,31; 4:1–17; ഗലാ. 3:21–23; 1 യോഹ. 3:4.**

**മനഃപാഠവാക്യം : "ഇപ്പോഴോ ദൈവത്തിന്റെ നീതി, വിശ്വസിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിങ്കലെ വിശ്വാസത്താലുള്ള ദൈവനീതി തന്നെ, ന്യായപ്രമാണം കൂടാതെ വെളിപ്പെട്ടു വന്നിരിക്കുന്നു." (റോമ. 3:21).**

വിശ്വാസത്തിലൂടെ രക്ഷ എന്ന വിശ്വാസപ്രമാണത്തിന്റെ വേദപുസ്തകാടിസ്ഥാനം റോമ. 4–ാം അദ്ധ്യായത്തിൽ വിവിധ രീതിയിൽ നമുക്ക് കാണാം. 'രക്ഷ' വിശ്വാസത്തിലൂടെ എന്ന പഠനം തന്നെയാണ് നവോത്ഥാനം ഉണ്ടാകാനുള്ള കാതലായ കാരണവും. ഏതാണ്ട് 500 വർഷങ്ങൾക്ക് മുമ്പ് ഇതുപോലൊരു ആഴ്ചയിൽ ലൂതർ നവോത്ഥാന പ്രസ്ഥാനം ആരംഭിച്ചു. പിന്നെ ഒരിക്കലും പ്രൊട്ടസ്റ്റൻന്റുകാർ തിരിഞ്ഞു നോക്കിയിട്ടില്ല. പിന്നോട്ടും പോയിട്ടില്ല.

വിശുദ്ധിയുടെ ഉത്തമോദാഹരണവും സദ്ഗുണ സമ്പന്നനും ആയ ആബ്രാഹം ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാലല്ല രക്ഷ പ്രാപിച്ചത്. രക്ഷ പ്രാപിച്ചത് കൃപയാലത്രേ. പൗലൊസ് തന്റെ വായനക്കാർക്ക് ഒരു സംശയത്തിനും ഇടയില്ലാതെ അബ്രഹാമിനെ ഒരു ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നു. അബ്രഹാമിന്റെ ഏറ്റവും മേന്മയേറിയ പ്രവൃത്തിയും അവന്റെ ന്യായപ്രമാണത്തിൻമേലുള്ള അനുസരണവും, വിശ്വസ്തതയും ദൈവമുമ്പാകെ അവൻ നീതീകരിക്കപ്പെടുന്നില്ലെങ്കിൽ പിന്നെ വേറെ ആർക്ക് എന്തു പ്രതീക്ഷയാണ് ഉള്ളത്? അബ്രഹാമിന് രക്ഷ ലഭിച്ചത് കൃപമൂലമാണെങ്കിൽ, ബാക്കിയെല്ലാവർക്കും, യെഹൂദനും, യവനനും ഉൾപ്പെടെ മുഴുവൻ ആളുകൾക്കും രക്ഷ ലഭിച്ചത് കൃപമൂലമാണ്.

റോമാലേഖനം 4–ാം അദ്ധ്യായത്തിൽ പൗലൊസ് രക്ഷാപദ്ധതിയുടെ മൂന്നു പ്രധാന ഘട്ടങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. (1) ദൈവാനുഗ്രഹത്തിന്റെ വാഗ്ദാനം (കൃപാവാഗ്ദനം) (2) ഈ വാഗ്ദാനങ്ങളോടുള്ള ആളുകളുടെ പ്രതികരണം (വിശ്വാസത്തിന്മേലുള്ള പ്രതികരണം) (3) വിശ്വസിക്കുന്നവർക്ക് ബഹുമതിയായ വിശുദ്ധീകരണ പ്രഖ്യാപനം (നീതീകരണം) മേൽ ഉദ്ധരിച്ച പ്രകാരമാണ് അബ്രഹാമിന് കൃപ ലഭിച്ചത്. അതുപോലെ തന്നെയാണ് നമുക്കേവർക്കും കൃപ ലഭിക്കുന്നത്.

രക്ഷ കൃപയാൽ, എന്ന് ഓർക്കുന്നത് പൗലൊസിനെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനമാണ്. അർഹതയില്ലാതിരിക്കുന്ന നമുക്ക് നൽകപ്പെടുന്നതാണ് രക്ഷ. നമുക്ക് അർഹതയുള്ളതാണെങ്കിൽ നാം അതിന് കടപ്പെട്ടിരിക്കുന്നു. നാം കടപ്പെട്ടിരിക്കുന്നുയെങ്കിൽ നമുക്ക് അത് കടം ആണ്. അല്ലാതെ ദാനം അല്ല. വീഴ്ച ഭവിക്കുകയും ദുഷിപ്പ് സംഭവിക്കുകയും ചെയ്ത നമുക്ക് രക്ഷ ഒരു ദാനം തന്നെയാണ്.

"രക്ഷ വിശ്വാസത്തിൽ അതിഷ്ഠിതം" എന്നു തെളിയിക്കുന്നതിനായി പൗലൊസ് ഉല്പത്തി പുസ്തകം 15 ാം അദ്ധ്യായം 6 ാം വാക്യം വരെ സഞ്ചരിക്കേണ്ടിവന്നു. " അവൻ യഹോവയിൽ വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു" (അവൻ -അബ്രഹാം) ഇവിടെ 'വിശ്വാസത്താൽ നീതീകരണം' തിരുവചനത്തിന്റെ ആദ്യ താളുകളിൽത്തന്നെ കാണുന്നു.

**ഞായർ** **ഒക്ടോബർ 29**

**ന്യായപ്രമാണം.**

**വായിക്കുക: റോമ. 3:31 എന്തിനെപ്പറ്റിയാണ് പൗലൊസ് ഇവിടെ സൂചിപ്പിക്കുന്നത്? എന്തുകൊണ്ടാണ് അഡ്വന്റിസ്റ്റുകാർക്ക് ഇത് വളരെ പ്രാധാന്യമുള്ളതാകുന്നത്?**

വിശ്വാസം ന്യായപ്രമാണത്തെ നിഷ്ഫലമാക്കി കളയുന്നില്ല എന്ന് പൗലൊസ് മേൽ ഉദ്ധരിച്ച വരികളിൽ അതിശക്തമായി പ്രഖ്യാപിക്കുന്നു. ന്യായപ്രമാണം പ്രമാണിച്ച് ജീവിച്ചവർ, പഴയനിയമ ന്യായപ്രമാണ പുസ്തകശേഖരങ്ങളിലുള്ള എല്ലാ പ്രമാണങ്ങളും അനുസരിച്ചിട്ടും ആരും രക്ഷയിലേക്ക് വന്നില്ല. പഴയനിയമ വിശ്വാസവും പുതിയനിയമ വിശ്വാസവും, എല്ലാം തന്നെ, വിശ്വസിക്കുന്ന പാപികൾക്ക് കൃപ ദാനമായി നൽകുന്നു എന്നു പഠിപ്പിക്കുന്നു.

**വായിക്കുക: റോമ. 4:1-8. പഴയനിയമ കാലത്തുപോലും, വിശ്വാസത്താൽ ആണ് രക്ഷ, അല്ലാതെ പ്രവൃത്തികൊണ്ടല്ല എന്ന് എങ്ങനെ ഈ വേദഭാഗങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാം?**

ഈ പഴയനിയമകാല വിവരണത്തിൽനിന്നും അബ്രഹാം നീതിമാൻ എന്ന് കണക്കാക്കപ്പെട്ടു. കാരണം അവൻ ദൈവത്തിൽ വിശ്വസിച്ചു. ഈ ഭാഗത്തുനിന്നും നാം മനസ്സിലാക്കുന്നത്, 'വിശ്വാസത്താലുള്ള നീതീകരണം' പഴയനിയമ കാലത്തു തന്നെ പഠിപ്പിച്ചിരുന്നു. അപ്രകാരം വിശ്വസിച്ചിരുന്നു എന്നുമാണ്. എന്നാൽ വിശ്വാസം ന്യായപ്രമാണത്തെ നിഷ്ഫലമാക്കുന്നു എന്നൊരു സൂചനപോലും എവിടെയും ഇല്ല. 'നിഷ്ഫലം' എന്നർത്ഥം വരുന്ന കറ്റാർജിയോ (Katargeo) എന്ന ഗ്രീക്ക് പദമാണ് 'നിഷ്ഫലം' എന്ന് ഭാഷാന്തരം ചെയ്തിരിക്കുന്നത്. വിശ്വാസത്താൽ രക്ഷ എന്നത് പഴയനിയമത്തിലുടനീളം ഇഴുകിച്ചേർന്നു നില്ക്കുന്നു. പഴയനിയമ താളുകളിൽ കൃപയെക്കുറിച്ച് ആദിയോടന്തം പഠിപ്പിക്കുന്നു. ഉദാഹരണമായികൂടാര ശുശ്രൂഷയിൽ, എങ്ങനെ പാപികൾ പാപമോചനം നേടുന്നു എന്നത് മനസ്സിലാക്കുക. അവരുടെ പ്രവൃത്തിയാൽ അല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പിന്നെ എപ്രകാരം ആണ്? പകരം യാഗമാകുന്ന ബലിമൃഗത്തിൽക്കൂടെയാണ്.

ബെത്ശെബയുമായുള്ള അധാർമ്മിക അവിഹിതബന്ധത്തിൽ ദാവീദിന് എങ്ങനെ ക്ഷമ ലഭിച്ചു? തീർച്ചയായും ന്യായപ്രമാണം അനുസരിച്ചതല്ല ദാവീദിന്റെ രക്ഷയ്ക്ക് നിദാനമായത്. കാരണം ന്യായപ്രമാണത്തിന്റെ അനേക തത്വങ്ങൾ ദാവീദ് ലംഘിച്ചു. അതൊക്കെ ദാവീദിനെ കുറ്റവാളിയാക്കുകയും ചെയ്തു. ദാവീദിനെ ന്യായപ്രമാണം രക്ഷിക്കുമായിരുന്നെങ്കിൽ ഒരിക്കലും ദാവീദ് രക്ഷപ്പെടില്ലായിരുന്നു.

ദാവീദിന്റെ രക്ഷ ദൈവീക കൃപ ഒന്നുകൊണ്ടുമാത്രം സംഭവിച്ചതാണെന്നാണ് പൗലൊസ് പറയുന്നത്. അത് വിശ്വാസത്തിലുള്ള നീതീകരണത്തിന് ഒരു മാതൃക യാണ്. പാപക്ഷമ ലഭിക്കുക എന്നുപറഞ്ഞാൽ ദൈവത്തിന്റെ കൃപ നമുക്ക് നൽകുക എന്നാണ്. പഴയനിയമ താളുകളിൽനിന്നുമുള്ള വേറൊരു ഉദാഹരണമാണിത്. പുരാതന യിസ്രായേല്യർ, നിയമാധിഷ്ഠിത ജീവിതം നയിക്കുന്നവരാണ്. യെഹൂദാ മതത്തിന്റെ അടിസ്ഥാനം എന്നും കൃപയാണ്. നിയമാധിഷ്ഠിത മതം കൃപയ്ക്ക് വിരുദ്ധമാണ്. അതിന് അടിസ്ഥാനമില്ല.

**ദാവീദിന്റെ പാപത്തെക്കുറിച്ച് അല്പം ചിന്തിക്കൂ. എങ്ങനെ ദാവീദ് യഥാസ്ഥാനപ്പെട്ടു? 2 ശമു. 11:12; സങ്കീ. 51. ഈ ദുഖസാന്ദ്രമായ കഥയിൽനിന്നും നിങ്ങൾ എന്തു പഠിക്കുന്നു? ഇതിൽ നിന്നും നിങ്ങളുടെ സഭയിൽ ആർക്കെ ങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ എങ്ങനെ അവരോട് പെരുമാറണം?**

**തിങ്കൾ** **ഒക്ടോബർ 30**

**കടമോ അതോ കൃപയോ?**

ഇവിടെ പൗലൊസ് കൈകാര്യം ചെയ്യുന്ന വിഷയം വെറുമൊരു ദൈവശാസ്ത്ര ത്തെക്കാൾ, രക്ഷയെന്ന ആശയത്തിന്റെ ഹൃദയവും, ആത്മാവും ആണ്. മാത്രമല്ല ദൈവവുമായുള്ള ഈടാർന്ന ബന്ധവുമാണ് ഒരു സ്ത്രീയോ, പുരുഷനോ അംഗീ കരിക്കപ്പെടണമെന്ന് ആഗ്രഹിക്കുമ്പോൾ അവനോ അവളോ നീതീകരിക്കപ്പെടണ മെങ്കിലും ക്ഷമിക്കപ്പെടണമെങ്കിലും, വിശുദ്ധിയുടെ ഒരു നിലാവരത്തിൽ എത്തണം. അതിനായി നാം നമ്മളിലേക്കും നമ്മുടെ പ്രവൃത്തികളിലേക്കും നോക്കേണ്ടിയിരി ക്കുന്നു. മതവിശ്വാസം വ്യക്തിപരമാണ്. ഏറ്റവും അവസാനത്തെ കാര്യവും ആണ്.

നീതീകരണമെന്നത് ഒരു മഹത്തായ അനുഭവവും, ദൈവത്തിന്റെ ദാനവും ആണെന്ന് ഒരു വ്യക്തി മനസ്സിലാക്കുന്നത് ഒരു വ്യത്യസ്താനുഭവമാണ്. നമ്മുടെ മേന്മകൊണ്ടോ, നമുക്ക് അർഹതയുള്ളതുകൊണ്ടോ അല്ല ദൈവകൃപ നമുക്ക് ലഭിക്കുന്നതെന്ന് നാം ഗ്രഹിച്ചാൽ, എത്ര ലാഘവത്തോടെ സഹജമായ മനസ്സോടെ, ദൈവ സ്നേഹത്തിലേക്കും ദൈവ കൃപയിലേക്കും അഹന്ത വെടിഞ്ഞ് കടന്നുവരാൻ കഴിയും.

അവസാനം സ്വയം ദൈവത്തെ ഏറ്റെടുത്ത വ്യക്തിക്കോ അല്ല ദൈവം ഏറ്റെ ടുത്ത വ്യക്തിക്കോ ആർക്കാണ് ദൈവ സ്വഭാവവും ദൈവസ്നേഹവും കൂടുതൽ പ്രതിഫലിപ്പിക്കാൻ കഴിയുന്നത്?

**വായിക്കുക: റോമ. 4:6–8. വിശ്വാസത്താൽ നീതീകരണം എന്ന വിഷയം ഇവിടെ പൗലൊസ് എങ്ങനെ വിപുലീകരിക്കുന്നു എന്നു പരിശോധിക്കുക.**

“ഒരു പാപി വിശ്വാസത്തോടെ കർത്താവിന്റെ അടുത്തുവരണം. ദൈവമഹത്വം സ്വീകരിക്കണം. അവന്റെ പാപം, പാപം ചുമക്കുന്ന ദൈവ കുഞ്ഞാടിൽ അർപ്പി ക്കണം. അങ്ങനെ ദൈവം തരുന്ന പാപക്ഷമ സ്വീകരിക്കണം. അതിനായിട്ടാണ് യേശുക്രിസ്തു ഭൂമിയിൽ ജാതനായത്, അങ്ങനെ യേശുക്രിസ്തുവിന്റെ നീതി, അനുതാപത്തോടെ വശ്വസിക്കുന്ന ഒരു പാപിമേൽ വരുന്നു. അപ്രകാരം അവൻ രാജകീയ കുടുംബാംഗം ആകുന്നു.” EGW, Selected Messages, book 1, P. 215.

വിശ്വാസത്താലുള്ള രക്ഷ യെഹൂദനു മാത്രമല്ല, യവനനുംകൂടി അവകാശപ്പെട്ടതാണെന്ന് പൗലൊസ് തുടർന്നു വിവരിക്കുന്നു. (റോമ. 4:9-12). ചുരുക്കത്തിൽ ഇത് കൂടുതൽ വെളിവാകണമെങ്കിൽ ഇതാ ഒരു ഉദാഹരണം അബ്രഹാം ഒരു യെഹൂദനല്ലായിരുന്നു. അവന്റെ ഉറവിടം വിഗ്രഹാരാധികളുടെ പാരമ്പര്യത്തിൽ ആയിരുന്നു (യോശുവ. 24:2). അബ്രഹാമിന്റെ കാലഘട്ടത്തിൽ യെഹൂദായവന വ്യത്യാസം നിലനിന്നിരുന്നില്ല. അബ്രഹാം നീതീകരിക്കപ്പെട്ട കാലത്ത് (ഉല്പ. 15:6) അവൻ പരിച്ഛേദന ഏറ്റിരുന്നില്ല. അങ്ങനെ കാലത്തികവിൽ, അബ്രഹാം പരിച്ഛേദനക്കാരുടെയും പിതാവായിത്തീർന്നു. മാത്രമല്ല അബ്രഹാം പൗലൊസിന് തന്റെ ഏറ്റവും വലിയ ഉപദേശമായ രക്ഷ, മറ്റുള്ളവരെ അറിയിക്കുന്നതിനുള്ള മഹത്തായ ഉദാഹരണമായി മാറി. ക്രിസ്തുവിന്റെ കാൽവറി മരണം ജാതിയോ മതമോ രാജ്യമോ കണക്കാക്കാതെ എല്ലാവർക്കും അവകാശപ്പെട്ടതാണ് (എബ്രാ. 2:9).

**ക്രൂശിന്റെ സാർവ്വത്രികത കണക്കിലെടുത്ത് ഓരോ മനുഷ്യന്റെയും അവസ്ഥയെക്കുറിച്ച് ക്രൂശ് സൂചിപ്പിക്കുന്നതിന് മുൻതൂക്കം കൊടുത്തുകൊണ്ട് ചിന്തിച്ചാൽ എന്തിനാണ് ഭീകരമായ ജാതി, ദേശസംസ്കാര പാരമ്പര്യ മുൻവിധികൾ നാം വച്ചുപുലർത്തുന്നത്? ഇങ്ങനെയുള്ള മുൻവിധികൾ നമ്മിലുണ്ടെന്ന് എങ്ങനെ മനസ്സിലാക്കാൻ കഴിയുന്നു? ദൈവകൃപയാൽ അവ എങ്ങനെ നമ്മുടെ മനസ്സിൽനിന്നും ദൂരീകരിക്കാൻ കഴിയും?**

**ചൊവ്വ** **ഒക്ടേബർ 31**

ഏതാണ്ട് 500 വർഷങ്ങൾക്കുമുമ്പ് ഇതേപോലുള്ള ഒരു സമയത്ത് മാർട്ടിൻ ലൂഥർ, വിറ്റൻ ബർഗ്ഗ് ദേവാലയത്തിന്റെ ഭിത്തിയിൽ 95 സിദ്ധാന്തങ്ങൾ (ചോദ്യാവലികൾ) എഴുതി തൂക്കി. ഇന്നത്തെ വിഷയം "വിശ്വാസത്തിൽക്കൂടെ രക്ഷ"എന്ന കാതലായ ഭാഗമാണെന്നത് സന്തോഷപ്രദമാണ്.

റോമ. 4:13. ന്യായപ്രമാണവും വാഗ്ദത്തവും തമ്മിൽ വൈരുദ്ധ്യം ഉള്ളതായി അനുഭവപ്പെടുന്നു. 'വിശ്വാസത്താലുള്ള നീതീകരണം' എന്ന തന്റെ പഠിപ്പിക്കലുകളിലൂടെ ഒരു പഴയനിയമ പശ്ചാത്തലം തുറന്നു കാട്ടാൻ പൗലൊസ് ശ്രമിക്കുന്നു. ഇതിനുള്ള ഒരു ഉദാഹരണം, എല്ലാ യെഹൂദനും തന്റെ പൂർവ്വപിതാവ് എന്നു കരുതുന്ന അബ്രഹാമിൽ, പൗലൊസും കാണുന്നു. അംഗീകാരം അല്ലെങ്കിൽ നീതീകരണം അബ്രഹാമിന് ലഭിച്ചത് ന്യായപ്രമാണം ഇല്ലാതെയാണ്. ദൈവം അബ്രഹാമിനു കൊടുത്ത വാഗ്ദത്തം ലോകത്തിന്റെ അവകാശി ആകുമെന്നാണ്. ഈ വാഗ്ദത്തം അബ്രഹാം വിശ്വസിച്ചു. ആ പദവിക്ക് അനുസരണമായി അബ്രഹാം ജീവിച്ചു. തൽഫലമായി ദൈവം അബ്രഹാമിനെ അംഗീകരിക്കുകയും അവനിൽക്കൂടെ ലോകരക്ഷ ദൈവം വിഭാവനം ചെയ്യുകയും ചെയ്തു. പഴയനിയമത്തിൽ കൃപ എപ്രകാരമാണ് പ്രവർത്തിച്ചെന്നതിന്റെ ശക്തമായ ഉദാഹരണമാണ് അബ്രഹാമിന്റെ നീതീകരണം. അതുകൊണ്ടാണ് പൗലൊസ് അബ്രഹാമിന്റെ നീതീകരണത്തെപ്പറ്റി പ്രത്യേകാൽ പരാമർശിച്ചത്.

**റോമ. 4:14-17. വായിക്കുക: വിശ്വാസത്താലുള്ള രക്ഷയാണ് പഴയനിയമത്തിന്റെ കേന്ദ്രബിന്ദു എന്ന് പൗലൊസ് തുടർന്നും കാണിക്കുന്നത് എപ്രകാരമാണ്? ഗലാ. 3:7-9 വായിക്കുക.**

നാം ആരംഭത്തിൽ പറഞ്ഞതുപോലെ, പൗലൊസ് ഇത് ആർക്കെഴുതുന്നു എന്നുള്ളത് വളരെ പ്രധാനമാണ്. ഈ യെഹൂദാവിശ്വസികൾ, ന്യായപ്രമാണാനുസരണത്തിൽ വളരെയധികം ആഴ്ന്നിറങ്ങിപ്പോയി. ന്യായപ്രമാണം വളരെ കർക്കശമായി അനുസരിക്കുന്നതിലൂടെയാണ് രക്ഷ എന്ന് അവർ അനേകർ വിശ്വസിച്ചിരുന്നു. എന്നാൽ യഥാർത്ഥത്തിൽ പഴയനിയമം അങ്ങനെയല്ല പഠിപ്പിച്ചിരുന്നത്.

വളരെ വിശാലമായി അചാരാനുഷ്ഠാന നിയമങ്ങളെക്കുറിച്ചാണ് പൗലൊസ് ഇവിടെ പറയുന്നതെങ്കിൽ അത് സീനായിക്ക് മുമ്പുതന്നെ തത്വത്തിൽ നിലനിന്നിരുന്നു. ആശയം ഒന്നു തന്നെയായിരുന്നു. ഒരു പക്ഷേ കൂടുതൽ ഗൗരവത്തോടുകൂടി തന്നെ നിലനിന്നിരുന്നു. ദൈവവാഗ്ദത്തങ്ങൾ ന്യായപ്രമാണത്തിൽക്കൂടി ലഭിക്കുന്നതിനായി അന്വേഷിക്കുന്നവർ, വിശ്വാസത്തെ ത്യജിച്ചു കളയുന്നു എന്നാണ് അപ്പൊസ്തലൻ പറയുന്നത് മാത്രമല്ല, പ്രയോജനരഹിതമാണ്. അതിനായി ശക്തമായ വാക്കുകൾ തന്നെ അപ്പൊസ്തലൻ ഉപയോഗിക്കുന്നു. വിശ്വാസം രക്ഷിക്കുമെന്നും ന്യായപ്രമാണം ശിക്ഷാവിധിക്ക് ഇടയാക്കുമെന്നുമാണ് പൗലൊസ് വെളിപ്പെടുത്തുന്നത്. അതുകൊണ്ട് പൗലൊസ് തന്റെ വിശ്വാസികളെ പഠിപ്പിക്കാൻ ശ്രമിക്കുന്നത്, രക്ഷയ്ക്കായി തിരഞ്ഞെടുക്കുന്ന മാർഗ്ഗം ശിക്ഷാവിധിയിലേക്ക് നയിക്കുന്ന പാഴ്ശ്രമം ആയിപ്പോകരുതെന്നാണ്. നമ്മൾ, യെഹൂദനായാലും യവനനായാലും കല്പനാ ലംഘികൾ തന്നെ. അതുകൊണ്ട് അബ്രഹാം ചെയ്തതുപോലെ നാമും ചെയ്യണം. രക്ഷിക്കുന്ന ദൈവനീതിയ്ക്കായി വിശ്വാസത്തിലൂടെ ദൈവത്തിന്റെ അടുക്കലേക്ക് വരണം. ഈ സത്യമാണ് പ്രൊട്ടസ്റ്റൻന്റ് നവോത്ഥാനത്തിലേക്ക് വഴിതെളിച്ചത്.

**ബുധൻ** **നവംബർ 1**

**ന്യായപ്രമാണവും വിശ്വാസവും**

അബ്രഹാമിനു ലഭിച്ച രക്ഷ ദൈവത്തിന്റെ കൃപമൂലമാണെന്നാണ് ചൊവ്വാഴ്ചത്തെ പാഠത്തിൽനിന്നും പഠിച്ചത്. ന്യായപ്രമാണത്തിന്റെ പ്രവൃത്തി മൂലം ഒരാളും രക്ഷ പ്രാപിക്കുന്നില്ല. അതുകൊണ്ട് യെഹൂദർക്ക് രക്ഷപ്രാപിക്കാൻ ആഗ്രഹമുണ്ടെങ്കിൽ പ്രവൃത്തിയിൽ അതിഷ്ഠിതമായ രക്ഷ എന്ന വിശ്വാസം ദൂരീകരിക്കണം. പകരം മശീഹായുടെ വരവിൽ പൂർത്തീകരിച്ച അബ്രഹാമ്യ വിശ്വാസംപോലെ, കൃപാ ദാനത്തിനായി നോക്കി പാർക്കണം. യെഹൂദനായാലും, യവനനായാലും നന്മപ്രവൃത്തികൾ ദൈവവുമായി നിരപ്പാക്കും എന്ന് വിശ്വസിക്കുന്നത് തെറ്റാണ്.

നന്മപ്രവൃത്തികൾകൊണ്ട് അവനവനെ രക്ഷിക്കാം എന്ന വിശ്വാസം എല്ലാ ജാതീയമതങ്ങളുടെയും അടിസ്ഥാനപ്രമാണമാണ്. അത്തരത്തിലുള്ള വിശ്വാസം മുറുകെപ്പിടിക്കുന്നവർക്ക് പാപത്തിൽ അകപ്പെടാതിരിക്കുന്നതിന് ഒരു രക്ഷാ കവചവും ഇല്ല. EGW, The Desire of Ages, PP 35,36. എന്താണ് ഇതിനർത്ഥം? നമ്മുടെ പ്രവൃത്തി നമ്മെ രക്ഷിക്കും എന്ന ചിന്താഗതി പാപത്തിലേക്ക് നമ്മെ എപ്രകാരം നയിക്കും?

ന്യായപ്രമാണവും വിശ്വാസവും തമ്മിലുള്ള ബന്ധം ഗലാത്യാലേഖനത്തിൽ പൗലൊസ് എപ്രകാരം വിവരിക്കുന്നു? ഗലാ. 3:21-23.

ന്യായപ്രമാണം ജീവൻ പകർന്നു തരുന്നുയെങ്കിൽ, നിശ്ചയമായിട്ടും അത് ദൈവത്തിന്റെ നിയമം തന്നെ ആയിരിക്കും. എന്നാൽ ഒരു ന്യായപ്രമാണത്തിനും ജീവൻ നൽകാൻ കഴിയില്ല എന്ന് പൗലൊസ് പറയുന്നു. മാത്രമല്ല ദൈവത്തിന്റെ ന്യായപ്രമാണത്തിനുപോലും ജീവൻ പകർന്നു നൽകാൻ കഴിവുള്ളതല്ല. കാരണം എല്ലാവരും ന്യായപ്രമാണം ലംഘിച്ചു. തൻമൂലം എല്ലാവരും ശിക്ഷാവിധിക്ക് വിധേയമാണ്.

എന്നാൽ വിശ്വാസത്തിന്റെ ഉറപ്പ്, കർത്താവായ യേശുക്രിസ്തുവിൽ കൂടുതൽ വ്യക്തതയോടെ വെളിപ്പെട്ടു. ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാൽ രക്ഷ പ്രാപിക്കാം എന്ന് വിശ്വസിച്ച് ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കാൻ ഓരോ പാപിയും ശ്രദ്ധിക്കണം. ന്യായപ്രമാണത്തിന്റെ കീഴിലുള്ളവർ യേശുക്രിസ്തു മുഖാന്തരം സ്വതന്ത്രരായി. പാപത്തിന്റെ ഭാരത്തിൽനിന്നും ശിക്ഷാവിധിയിൽനിന്നും വിടുതൽ പ്രാപിച്ച് രക്ഷയുടെ അനുഭവത്തിലേക്ക് എത്തുന്നു. വിശ്വാസമില്ലാതെയും, കൃപയില്ലാതെയും, ന്യായപ്രമാണം ഒരു ഭാരമാണ്. ന്യായപ്രമാണത്തിൻ കീഴിൽ എന്നു പറഞ്ഞാൽ പാപത്തിന്റെ ഭാരത്തിലും അതിന്റെ ശിക്ഷാവിധിയിലുമാണ്.

**ദൈവവുമായുള്ള നമ്മുടെ യാത്രയിൽ "വിശുദ്ധീകരണം വിശ്വാസത്തിലൂടെ എന്നത് എത്ര പ്രാധാന്യമർഹിക്കുന്നതാണ്? സത്യത്തിന്റെ മറ്റു പല അവ്യക്തമായ ഭാവങ്ങൾകൊണ്ട് നിങ്ങളുടെ പഠിപ്പിക്കലിന്റെ നിർണ്ണായകമായ കാഴ്ചപ്പാട് നഷ്ടമായോ? സത്യത്തിന്റെ മറ്റുവശങ്ങൾ നിങ്ങളുടെ ദൃഷ്ടിപഥത്തിൽ അവികലമായി മാറിയോ? ഈ പഠിപ്പിക്കൽ അല്ലാതെ പിന്നെ എന്തു നന്മയാണ് ഉള്ളത്?**

**വ്യാഴം** **നവംബർ 2**

**ന്യായപ്രമാണവും പാപവും**

സാധാരണ ആളുകൾ പറയുന്നത് പുതിയ ഉടമ്പടി പ്രകാരം കല്പനകൾ മാറി. അതു തെളിയിക്കുന്നതിനായി അവർ വിശ്വസിക്കുന്ന വേദഭാഗങ്ങൾ നിരത്തുന്നു. ഈ പ്രസ്താവനയുടെ പിന്നിലുള്ള ന്യായവാദങ്ങൾ എന്തു തന്നെയായാണെങ്കിലും അവ വിശ്വസനീയമല്ല. അത് വേദശാസ്ത്രപരവുമല്ല.

**വായിക്കുക: 1 യോഹ. 2:3–6; 3:4; റോമ. 3:20. ഈ വേദഭാഗങ്ങൾ, പാപവും ന്യായപ്രമാണവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് എന്തു പറയുന്നു?**

ജോനാഥൻ സ്വിഫ്റ്റ് എന്ന ഐറിഷ് എഴുത്തുകാരൻ ചില നൂറ്റാണ്ടുകൾക്ക് മുമ്പ് ഇപ്രകാരം എഴുതി. "കുടിക്കുക, ചതിക്കുക, അസത്യം പറയുക, മോഷ്ടിക്കുക തുടങ്ങിയ പദങ്ങൾ നിയമസഭയിൽ നിയമം മൂലം ഇംഗ്ലീഷ് ഭാഷയിൽനിന്നും നിഘണ്ടുവിൽനിന്നും നീക്കം ചെയ്യണമെന്ന് ആരെങ്കിലും പറയുമോ? ആരെങ്കിലും പറഞ്ഞാൽ അടുത്ത സുപ്രഭാതം മുതൽ നാം ഒന്നടങ്കം, ശാന്തരും സത്യസന്ധരും നീതിമാന്മാരും സത്യനിഷ്ഠയുള്ളവരും ആയിരിക്കുമോ? ഇതൊരു സുതാര്യ പരിസ

മാപ്തിയാണോ? Jonathan Swift, a Modest Proposal and other Satires (New York: Prometheus Books, 1995) P. 205.

ഇതേപോലെ, ദൈവത്തിന്റെ പത്തു കല്പന അടങ്ങുന്ന ന്യായപ്രമാണം മാറ്റപ്പെട്ടാൽ, പിന്നെ കള്ളം പറയുന്നതും കുല ചെയ്യുന്നതും മോഷണവുമൊക്കെ എങ്ങനെ പാപമാകും? ദൈവത്തിന്റെ ന്യായപ്രമാണം നീങ്ങിപ്പോയെങ്കിൽ പാപത്തിന്റെ നിർവചനവും മാറ്റണം. അല്ലെങ്കിൽ ദൈവത്തിന്റെ ന്യായപ്രമാണത്തിന് പ്രസക്തിയില്ലാതാകും. പാപം നിലനില്ക്കും (1 യോഹ. 1:7-10; യാക്കോ. 1:14,15 വായിക്കുക).

പുതിയനിയമത്തിൽ കല്പനയും സുവിശേഷവും ഒന്നിച്ചു പ്രത്യക്ഷപ്പെടുന്നു. കല്പന പാപം ഉണ്ടെന്നു ചൂണ്ടിക്കാണിക്കുന്നു. സുവിശേഷം ആ പാപത്തിന് പരിഹാരം നിർദ്ദേശിക്കുന്നു. ആ പരിഹാരം യേശുക്രിസ്തുവിന്റെ മരണവും, ഉയർപ്പുമാണ്. നിയമം ഇല്ലെങ്കിൽ പാപവും ഇല്ല. അങ്ങനെയെങ്കിൽ എന്തിൽനിന്നും നാം രക്ഷ പ്രാപിക്കണം? കല്പനയുടെ പശ്ചാത്തലത്തിലും അതിന്റെ തുടർന്നുള്ള സ്വീകാര്യതയിലും മാത്രമേ സുവിശേഷത്തിനു പ്രസക്തി ഉണ്ടാകുന്നുള്ളൂ.

കുരിശ്, ന്യായപ്രമാണത്തിന്റെ മൂല്യമില്ലാതാക്കി എന്നു പറയുന്നത് നാം കേൾക്കാറുണ്ട്. അത് തികച്ചും വിരോധാഭാസമാണ്. കാരണം കുരിശ് ഒരിക്കൽപ്പോലും ന്യായപ്രമാണം അസാധുവാക്കുന്നില്ല. യേശുക്രിസ്തുവിന്റെ മരണത്തിനുമുമ്പേ, ദൈവം ന്യായപ്രമാണം അസാധുവാക്കുകയോ, മാറ്റുകയോ ചെയ്തില്ലെങ്കിൽ പിന്നെ എന്തിന് മരണത്തിനുശേഷം അത് മാറ്റണം?

മനുഷ്യൻ പാപം ചെയ്തപ്പോൾ എന്തുകൊണ്ട് ന്യായപ്രമാണം മാറ്റി തുടർന്നുള്ള കല്പനാലംഘനത്തിന്റെ ശിക്ഷയിൽനിന്നും മനുഷ്യ വർഗ്ഗത്തിനു വിടുതൽ കൊടുത്തില്ല? അങ്ങനെയെങ്കിൽ യേശുക്രിസ്തു ഒരിക്കലും മരിക്കേണ്ടിവരികയില്ലായിരുന്നു. യേശുക്രിസ്തുവിന്റെ മരണം മൂലം ന്യായപ്രമാണം നീങ്ങിപ്പോയില്ല, അതിന്റെ മൂല്യവും നഷ്ടപ്പെട്ടിട്ടില്ല എന്ന് അസന്നിഗ്ദമായി പൗലൊസ് പ്രസ്താവിക്കുന്നു. അങ്ങനെ നീങ്ങിപ്പോകണമെങ്കിൽ യേശുവിന്റെ ക്രൂശിലെ മരണത്തിനു മുമ്പേ അത് സംഭവിച്ചേനേ. അല്ലാതെ ക്രൂശുമരണത്തിനുശേഷമല്ല സംഭവിക്കേണ്ടത് യേശുക്രിസ്തുവിന്റെ ക്രൂശിലെ മരണത്തെപ്പോലെ, ന്യായപ്രമാണത്തിന്റെ തുടർന്നുള്ള നിലനില്പ് വ്യക്തതയോടെ ചൂണ്ടിക്കാണിക്കപ്പെടുന്നു. ന്യായപ്രമാണത്തിന് മാറ്റമില്ലാത്തതുകൊണ്ടാണ് യേശുക്രിസ്തുവിന്റെ മരണം, ക്രൂശിലെ മരണം അപ്രകാരം കൃത്യമായി സംഭവിച്ചത്. വീഴ്ച ഭവിച്ച മനുഷ്യനെ രക്ഷിക്കാൻ ന്യായപ്രമാണം പര്യാപ്തമാകുമായിരുന്നെങ്കിൽ യേശുക്രിസ്തു മരിക്കാതിരിക്കാൻ അത് അല്പം കൂടെ മെച്ചപ്പെട്ട ഒരു കാരണമായേനേ.

**വ്യഭിചാരത്തിന് എതിരായി ഒരു ദൈവീക നിയമം ഇല്ലായിരുന്നെങ്കിൽ അതുമൂലം സംഭവിക്കുന്ന കുറ്റകൃത്യങ്ങൾക്ക് ഇരയായിത്തീരുന്നവർക്ക് ഇതിനെക്കാൾ വേദന കുറയുമായിരുന്നോ? ദൈവത്തിന്റെ കല്പന ഇപ്പോഴും പൂർണ്ണ ശക്തിയോടെ നിലനില്ക്കുന്നു എന്നു തെളിയിക്കാൻ സഹായിക്കുന്ന**

**എന്തുത്തരം നിങ്ങളുടെ പക്കൽ ഉണ്ട്. ദൈവകല്പന ലംഘിക്കുന്നതിന്റെ പ്രത്യാഘാതം നിങ്ങളുടെ അനുഭവത്തിൽ എങ്ങനെ?**

**വെള്ളി** **നവംബർ 3**

**കൂടുതൽ ചിന്തയ്ക്ക് : വായിക്കുക.** EGW “Christ the center of the Message,” P.388, in Selected Message,book 1 “The call of Abraham” PP. 125-127. “The Law and Covenants,” PP. 363,364, in Patriarchs and Prophets; “The Sermon on the Mount PP. 307,308; “Controversy” P 608” It is finished,” PP. 762,763, in the Desire of Ages.

“എന്നാൽ പ്രവൃത്തിക്കുന്നവനു കൂലി കണക്കിടുന്നത് കൃപയായിട്ടല്ല, കടമയായിട്ടത്രേ” റോമ. 4:4. അപ്പൊസ്തലൻ ഇവിടെ ഉദ്ധരിച്ച വേദഭാഗം അല്പംകൂടി വിശദീകരിച്ച് ഉല്പ.15:4-6 വരെയുള്ള തിരുവചനഭാഗത്ത് നമുക്ക് കാണാൻ കഴിയുന്നു. ഈ വേദഭാഗത്തുനിന്നും, ‘നീതീകരണം’ വിശ്വാസത്താൽ ആണ്, പ്രവൃത്തിയാലല്ല എന്ന് അസന്നിഗ്ദമായി തെളിയിക്കുന്നു. “അത് അവന് നീതീയായി കണക്കിട്ടു” എന്ന വേദഭാഗത്തിന്റെ അർത്ഥം വിശദീകരിച്ചുകൊണ്ടാണ് വിശ്വാസത്താലുള്ള നീതീകരണം തെളിയിക്കുന്നത്. ഈ ഭാഗത്തുനിന്നും നാം ഗ്രഹിക്കുന്നത് ദൈവം പാപിയെ തന്റെ കൃപയാൽ സ്വീകരിക്കുന്നു, അല്ലാതെ അവന്റെ പ്രവൃത്തി കണക്കിലെടുത്തുകൊണ്ടല്ല. Martin Luther, Commentary on Romans, P. 82.

മനുഷ്യൻ അവന്റെ സ്വന്തം പ്രവൃത്തിമേന്മകൊണ്ടും, വിശുദ്ധികൊണ്ടും നീതീകരിക്കപ്പെടുന്നു എന്ന്, സാത്താൻ ആളുകളെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നു. അക്കാര്യത്തിൽ സാത്താൻ വിജയിച്ചാൽ സാത്താന് തന്റെ പരീക്ഷകൾകൊണ്ട് വിശ്വാസികളെ പരാജയപ്പെടുത്താം. തദ്വാര അവനെ ഇരയായും ബലിയാടായും ഒരുപോലെ ആക്കിത്തീർക്കാം. കാൽവറിയിൽ യാഗമായ കുഞ്ഞാടിന്റെ തിരുരക്തം കട്ടിളമേൽ പുരട്ടിയിട്ടുണ്ടെങ്കിൽ നീ സുരക്ഷിതനാണ്. EGW, Advent Review and Sabbath Herald Sept. 3, 1889.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. വിശ്വാസത്താൽ മാത്രമാണ് രക്ഷ, അല്ലാതെ ന്യായപ്രമാണത്തിന്റെ പ്രവൃത്തി മൂലമല്ല എന്ന് മനസ്സിലാക്കുന്നത് എത്ര പ്രാധാന്യം അർഹിക്കുന്നു. ഈ അറിവ് ഏതുതരം പാപങ്ങളിൽ നിന്നൊക്കെ വിട്ടുനില്ക്കാൻ നമ്മെ സഹായിക്കുന്നു? ഈ സർവ്വപ്രധാന വേദപുസ്തക പരിജ്ഞാനത്തെക്കുറിച്ച് അറിവില്ലാത്തവരെ ഏതുതരം അപകടങ്ങളാണ് കാത്തിരിക്കുന്നത്?

2. ന്യായപ്രമാണവും അതിന്റെ അനുസരണവും ഒരിക്കലും നമ്മെ രക്ഷയിലേക്ക് നയിക്കുന്നില്ല എന്ന അറിവ് നമുക്ക് ഉണ്ടായാലും ന്യായപ്രമാണത്തിന്റെ തുടർന്നുള്ള നിയമപ്രാബല്യം തെളിയിക്കുന്നതിലേക്ക് എന്തു കാരണങ്ങളാണ് നിങ്ങൾക്ക് പറയാനുള്ളത്?

3. നവോത്ഥാന കാലഘട്ടത്തിലെ കാതലായ പ്രശ്നം എങ്ങനെ നാം രക്ഷ പ്രാപിക്കും എന്നതാണ്, പ്രൊട്ടസ്റ്റൻന്റുകാരും കത്തോലിക്കരും തമ്മിൽ ഈ

വിഷയത്തിലുള്ള വ്യത്യാസം വ്യക്തിപരമായി ആരെയും വേദനിപ്പിക്കാതെ എങ്ങനെ തുറന്നു പറയാൻ സാധിക്കും?

4. നീതീകരിക്കപ്പെട്ട ഒരു പാപി എന്ന നിലയ്ക്ക് ദൈവത്തിൽനിന്നും കൃപയുടെ സ്വീകർത്താവാണ് നമ്മൾ. അർഹതപ്പെടാത്ത കൃപയാണ് ദൈവത്തിൽനിന്നും നമുക്ക് ലഭിക്കുന്നത്. ആ ദൈവത്തിന് എതിരായിട്ടാണ് നാം പാപം ചെയ്യുന്നത്. എങ്ങനെയാണ് ഇതിന്റെ സ്വാധീനം മറ്റുള്ളവരുമായുള്ള നമ്മുടെ പെരുമാറ്റത്തിൽ പ്രതിഫലിക്കുക? നമ്മോട് അനീതി ചെയ്യുന്നവരോട് എത്ര നിറഞ്ഞ സ്നേഹത്തോടും, കരുണയോടുംകൂടെ വേണം നാം അവരോട് ഇടപെടാൻ. അവർ അത് അർഹിക്കുന്നില്ലെങ്കിൽ പോലും.